തീയതി : 20/09/2021

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് , തൈക്കാട് പി.ഒ
തിരുവനന്തപുരം - 695 014

ഇ-മെയിൽ : tcoffice.mvd@kerala.gov.in | വെബ്: www.mvd.kerala.gov.in | ☎ :0471- 2333317

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
മോട്ടോർ വാഹന വകുപ്പ്, കേരളം

സ്വീകർത്താവ്

എല്ലാ ഓഫീസ് മേധാവികളും
മോട്ടോർ വാഹന വകുപ്പ്, കേരളം

മോട്ടോർ വാഹന വകുപ്പ് ലെയ്സൺ ഓഫീസർ
അഡ്വക്കറ്റ് ജനറൽ ഓഫീസ്,എറണാകുളം

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ് -കേസ് നടത്തിപ്പിന്റെ കാര്യക്ഷമത ഉറപ്പ് വരുത്തുന്നത് അഡ്വക്കറ്റ് ജനറൽ ഓഫീസ് നോഡൽ ഓഫീസർമാരെ നിയമിച്ചത്- സംബന്ധിച്ച്

സൂചന :- ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറലിന്റെ 09-09-2021 തീയതിയിലെ എഡിബി3-25126/2021 നമ്പർ കത്ത്

ബഹുമാനപ്പെട്ട ഹൈക്കോടതി, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, സുപ്രീം കോടതി, നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ മറ്റു ഫോറങ്ങൾ എന്നിവിടങ്ങളിൽ സർക്കാരിനെ കക്ഷിയാക്കി ഫയൽ ചെയ്യപ്പെടുന്ന കേസുകളുടെ നടത്തിപ്പിന്റെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനും ആശയവിനിമയം കൂടുതൽ സുഗമമാക്കുന്നതിലേക്കുമായി അഡ്വക്കേറ്റ് ജനറൽ കേരളയുടെ ഓഫീസിലെ ഉദ്യോഗസ്ഥരെ നോഡൽ ഓഫീസർമാരായി സൂചന പ്രകാരം അഡ്വക്കേറ്റ് ജനറൽ ചുമതലപ്പെടുത്തിയിരിക്കുന്നു. ഗതാഗത വകുപ്പിന്റെ നോഡൽ ഓഫീസറായി അണ്ടർ സെക്രട്ടറി **XI** സ്ലീനാ പി. ബി യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ റിട്ട് അപ്പീലുകൾക്കും കോടതി അലക്ഷ്യ കേസുകൾക്കും,എറണാകുളത്തെയും തിരുവനന്തപുരത്തെയും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ കേസുകൾക്കും മറ്റു കേസുകൾക്കുമായും നോഡൽ ഓഫീസർമാരെ പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുണ്ട്.

കേസ് സംബന്ധമായി അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിലെത്തുന്ന മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ നിർദ്ദിഷ്ട നോഡൽ ഓഫീസർമാരുമായി ഔദ്യോഗികമായി ബന്ധപ്പെടേണ്ടതാണ്.

മദ്ധ്യമേഖല–II, എറണാകുളം ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ നോഡൽ

ഓഫീസർമാരെ നേരിൽ കണ്ട് കേസ് നടത്തിപ്പിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് ചർച്ച നടത്തേണ്ടതും ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പുവരുത്തേണ്ടതുമാണ്.

വകുപ്പിന്റെ അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ ലെയ്സൺ ഓഫീസർ, ബന്ധപ്പെട്ട നോഡൽ ഓഫീസർമാർക്ക് ഗതാഗത വകുപ്പിലേയും മോട്ടോർ വാഹന വകുപ്പിലേയും ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തുവാനുള്ള ഏകോപനം നിർവ്വഹിക്കേണ്ടതാണ്.

ഈ വിഷയം അടുത്ത ഡി.റ്റി.സി. കോൺഫെറൻസിന്റെ അജണ്ടയിൽ ഉൾപ്പെടുത്തേണ്ടതും ഇത് സംബന്ധിച് ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ എല്ലാ ഡി.റ്റി.സി മാരും നൽകേണ്ടതുമാണ്.

വിശ്വസ്തതയോടെ,

**M R Ajithkumar Ips**
**Transport Commissioner**

പകർപ്പ് :-

സി.എ. ടു ട്രാൻസ്പോർട്ട് കമ്മീഷണർ/ അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ/സെക്രട്ടറി, സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിട്ടി/ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,സീനിയർ ഫിനാൻസ് ഓഫീസർ/സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ടാക്സേഷൻ) / അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ.

247798/2021/INWARD TC

എഡി.ബി3 - 25126 /2021

അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം,
കേരളം, എറണാകുളം, കൊച്ചി - 682031
ഫോൺ (PABX): 0484 - 2395050, 2395052, 2395078,
ഫാക്സ് : 0484 2394674
ഇമെയിൽ : advocategeneralkerala@gmail.com

പ്രേഷിതൻ
**അഡ്വക്കേറ്റ് ജനറൽ** (V)
കേരളം

തീയതി : 09 .09.2021

സ്വീകർത്താവ്
എല്ലാ വകുപ്പ് തലവൻമാർക്കും

സർ,

വിഷയം : ഭരണവിഭാഗം - അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം, എറണാകുളം - കേസ് നടത്തിപ്പിന്റെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിലേക്കായി നോഡൽ ഓഫീസർമാരെ നിയമിച്ചത് അറിയിക്കുന്നത് - സംബന്ധിച്ച്

സൂചന : പരിപത്രം നമ്പർ 08/2021 തീയതി 29.07.2021

*******

വിഷയത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതി, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, സുപ്രീം കോടതി, നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ മറ്റു ഫോറങ്ങൾ എന്നിവിടങ്ങളിൽ സർക്കാരിനെ കക്ഷിയാക്കി ഫയൽ ചെയപ്പെടുന്ന കേസുകളുടെ നടത്തിപ്പിന്റെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനും ആശയവിനിമയം കൂടുതൽ സുഗമമാക്കുന്നതിലേക്കുമായി കാര്യാലയത്തിലെ അണ്ടർസെക്രറി മുതൽ ജോയിന്റ് സെക്രട്ടറി വരെയുള്ള ജീവനക്കാരെ വിവിധ വകുപ്പുകളുടെ/വിഷയങ്ങളുടെ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുള്ളതാണ്.

നോഡൽ ഓഫീസർമാരുടെ ചുമതലകൾ താഴെപ്പറയും പ്രകാരമാണ്.

- കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് കാര്യാലയത്തിൽ വരുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക. ബന്ധപ്പെട്ട സർക്കാർ അഭിഭാഷകർ, സെക്ഷൻ ഓഫീസർ /അസിസ്റ്റന്റ് എന്നിവരുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക് ആവശ്യമായ സഹായസഹകരണങ്ങൾ ഉറപ്പുവരുത്തുക.

- കേസുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സംശയനിവാരണങ്ങൾക്കും സഹായ ത്തിനുമായി വിവിധ സർക്കാർ വകുപ്പ്/ഓഫീസുകളിൽ നിന്നും വരുന്ന ഫോൺ കോളുകൾ അറ്റൻഡ് ചെയ്ത് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക സെക്ഷനുമായി ആശയവിനിമയം നടത്തി കേസ് നടത്തിപ്പിലെ കാര്യക്ഷമത ഉറപ്പ് വരുത്തുക.

- പ്രാധാന്യം അർഹിക്കുന്ന കേസുകളുടെ ലിസ്റ്റ് തയ്യാറാക്കി കൃത്യമായി ഫോളോ അപ് നടത്തുക, സെക്ഷനുമായി നിരന്തരം സമ്പർക്കം പുലർത്തി പ്രസ്തുത കേസുകളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുക.

- അടിയന്തിര പ്രാധാന്യം അർഹിക്കുന്ന ഘട്ടങ്ങളിൽ സർക്കാർ ഉദ്യോഗസ്ഥരുമായി നേരിട്ട് ടെലിഫോൺ മുഖാന്തിരം അങ്ങോട്ട് ബന്ധപ്പെടേണ്ടതും കേസ് സംബന്ധമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതും ആണ്. ആയതിനുശേഷം പ്രസ്തുത വിവരങ്ങൾ രേഖാമൂലം അറിയിക്കുന്നതിനുള്ള നടപടികൾ അസിസ്റ്റന്റ് /സെക്ഷൻ ഓഫീസർ സ്വീകരിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

- MISAGO സംവിധാനം വഴി നോഡൽ ഓഫീസർമാർ മേൽനോട്ടം വഹിക്കുന്ന സർക്കാർ ഡിപ്പാർട്ട്മെന്റുകൾ /വിഷയങ്ങൾ സംബന്ധമായ കേസുകൾ കൈകാര്യം ചെയ്യുന്ന സെക്ഷനുകൾ നിരന്തരമായി മോണിറ്റർ ചെയ്യുക. കേസുമായി ബന്ധപ്പെട്ട ജോലികൾ സമയബന്ധിതമായി തീർക്കുന്നതിനാവശ്യമായ കർശന നിർദ്ദേശങ്ങൾ നൽകുക. കേസുകളിൽ MISAGO-ൽ update ചെയ്യേണ്ടതായ വിവിധ ഉത്തരവുകൾ, Judgments എന്നിവ സമയബന്ധിതമായി നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക. വിവിധ സർക്കാർ ഓഫീസിലെ ഉദ്യോഗസ്ഥരും അവരെ സഹായിക്കുന്ന ഗവൺമെന്റ് ലോ ഓഫീസേഴ്സ്, കാര്യാലയത്തിലെ ജീവനക്കാർ എന്നിവർക്കിടയിലെ ആശയവിനിമയം സുതാര്യവും, കാര്യക്ഷമവുമാക്കുന്ന ഒരു Platform ആയി പ്രവർത്തിക്കുക.

- കാര്യാലയത്തിന്റെ ഔദ്യോഗിക Web Application ആയ MISAGO-ൽ കൃത്യവും സമയബന്ധിതവുമായി ഉത്തരവുകൾ update ചെയ്യപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുക

വിവിധ വകുപ്പുകൾ / വിഷയങ്ങളുടെ നോഡൽ ഓഫീസർമാർ അവരുടെ ഫോൺ നമ്പരുകൾ എന്നിവ താഴെപ്പറയുന്നു.

| Nodal Officers | Name | Departments | Phone No. |
|---|---|---|---|
| Joint Secretary (Admn.) | Roy James | Chief Nodal Officer | 0484-2564711 |
| Joint Secretary (Judicial I) | Silvy Varghese | Health & Family Welfare (Miscellaneous),<br>Excise Department Cases | 0484-2564809<br>8157889349 |
| Joint Secretary (Judicial III) | Sebastian MaxyT.B. | KAT, Thiruvananthapuram. | 0471-2573057 |
| Deputy Secretary I | Ramadas G. | Law Department | 0484-2564404<br>9495427316 |

| Nodal Officers | Name | Departments | Phone No. |
|---|---|---|---|
| Deputy Secretary II | Preetha Rani S. | Other Court Cases | 0484-2564810 9446060141 |
| Deputy Secretary III | Anitha Peter | Finance Department, Taxes Department. | 0484-2564813 9495438377 |
| Deputy Secretary IV | M.V. Biju | Home Department, Police, Vigilance Department. | 0484-2564957 9400444518 |
| Deputy Secretary V | Sreenivasan V. R. | Contempt of Court Cases | 0484-2564608 9846595754 |
| Deputy Secretary VI | Rajeshkumar V.S. | Supreme Court cases | 0484-2564930 8089127582 |
| Deputy Secretary VII | Rejukumar R. | Forest & Wildlife, Mining and Geology, Fisheries, Labour and Industries Departments. | 0484-2564950 9497620583 |
| Deputy Secretary VIII | Latha K. A. | Criminal Appeal Cases | 0484-2564970 9495972597 |
| Under Secretary II (PRO) | Dayal K.K. | Information and Public Relations Department, General Administration (Political) Department. | 0484-2564206 9447307214 |
| Under Secretary III | Sahida A. | Crl.MC, Crl. RP, BA Cases. | 0484-2564450 9446608373 |
| Under Secretary IV | Sreekala M.K. | KAT (Ekm) cases | 0484-2564849 9747397811 |
| Under Secretary V | Sheena Kurian | Revenue Department, Agriculture Development & Farmers Welfare Department. | 0484-2564968 9447583580 |
| Under Secretary VI | Mary M.V. | LSGD and Co-operative Department | 0484-2564958 9446957989 |
| Under Secretary VII | Jacob Titus | AG, AAG & Camp related Cases | 0484-2564381 8281682005 |
| Under Secretary VIII | Remadevi T.R. | Higher Education Department, Health & Family Welfare Services, SC/ST Department Cases, Writ Appeal cases. | 0484-2564918 8281358980 |
| Under Secretary IX | Ashraf A. | Public Works Department | 0484-2564918 9446026567 |

| Nodal Officers | Name | Departments | Phone No. |
|---|---|---|---|
| Under Secretary X | Koshy John | General Education | 0484-2564903<br>9846099988 |
| Under Secretary XI | Sleena P.B | Transport Department,<br>Power Department,<br>Food & Civil Supplies. | 0484-2564959<br>9495838818 |
| Under Secretary XII | Sija P.T. | KAT, Thiruvananthapuram<br>(Assisting Joint Secretary/<br>Deputy Secretary) | 0471- 2573057<br>9946306487 |

കേസ് സംബന്ധമായ ആവശ്യങ്ങൾക്കായി കാര്യാലയത്തിൽ വരുന്ന കോംപിറ്റന്റ് ഉദ്യോഗസ്ഥർ നോഡൽ ഓഫീസറുമായി ഔദ്യോഗികമായി ബന്ധപ്പെടേണ്ടതാണ്.

കാര്യാലയത്തിലെ ആഭ്യന്തര സ്ഥാനമാറ്റങ്ങൾക്ക് വിധേയമായി നോഡൽ ഓഫീസർമാരിൽ വ്യത്യാസം വരുന്നതാണ്.

വിശ്വസ്തതയോടെ

**കെ. ഗോപാലകൃഷ്ണ കുറുപ്പ്**

അഡ്വക്കേറ്റ് ജനറൽ

പകർപ്പ്:

എല്ലാ ജില്ലാ കളക്ടർമാർക്കും.

ലെയ്സൺ ഓഫീസർമാർക്കും.